നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) തിരുവനന്തപുരം, കൊല്ലം 1847 കേസുകളും, കോട്ടയം, ആലപ്പുഴ 1401, എറണാകുളം തൃശ്ശൂർ 1140, ബാക്കിയുള്ള പ്രദേശങ്ങളിൽ വിവരം ശേഖരിച്ചുവരികയാണു്.

(ബി) പ്രതിഫലം വാങ്ങാനുള്ള അവകാശം രേഖാമൂലം നൽകുന്നതിനു കാലവിളംബം വരുന്നതിനാലും കേസുകൾ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനു വേണ്ടിവരുന്ന കാലവിളംബവുമാണു്. കാമ്പൻസേഷൻ പിന്നീടേ കൊടുക്കാൻ സാധിക്കയുള്ളു.

(സി) സുമാർ ഒരു വർഷം 3 മാസം കഴിഞ്ഞു.

(ഡി) താമസത്തിനുള്ള കാരണം രണ്ടാമത്തെ ചോദ്യത്തിനുത്തരമായി പറഞ്ഞുകഴിഞ്ഞു. ഇതു ലൈൻ സംബന്ധിച്ചു പറയുകയാണെങ്കിൽ എല്ലാ നടപടികളും ഏപ്രിൽ 9–ാംതീയതിയോടുകൂടി എടുത്തുകഴിഞ്ഞിരിക്കുന്നു. പ്രതിഫലം കൊടുക്കാനുള്ള ഏർപ്പാടു് നിയമമനുസരിച്ചു് അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതന്നെ കണ്ടു് ശരിയായ നിർദ്ദേശം കൊടുത്തിരിക്കുകയാണു്; മൂന്നുമാസത്തിനുള്ളിൽ അരിയേഴ്സു് തീർക്കണമെന്നു്. അദ്ദേഹം അതു ചെയ്യാമെന്നും ഏറ്റിരിക്കുകയാണു്. ആ കൂട്ടത്തിൽ മൂന്നുമാസത്തിനുള്ളിൽ പഴക്കംചെന്നതായ കേസുകളും തീരുമാനിക്കും എന്നു വിചാരിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ആരാണു് ഈ കാമ്പൻസേഷൻ കൊടുക്കുന്നതിനെപ്പറ്റി അവസാനമായി തീരുമാനിക്കേണ്ടതു്? അങ്ങനെ തീരുമാനിക്കുവാൻ എത്രകാലം പിടിക്കും ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : കഴിഞ്ഞകാല അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ ചുരുങ്ങിയതു് 6 മാസമെങ്കിലും പിടിക്കും. അതു ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തുവരികയാണു്. ലാൻഡു് അക്വിസിഷൻ ആഫീസറാണു് ഇതിനുള്ള നടപടികളും എടുക്കേണ്ടതു്. അതിലേക്കു ചിലപ്പോൾ അസിസ്റ്റൻറ് ഇഞ്ചിനീയറുടെ സർട്ടിഫിക്കറും ലഭിക്കേണ്ടതായുണ്ടു്. അതിനും അല്പം കാലതാമസം വന്നേക്കും. എന്നാൽ അടുത്തകാലത്തു് കാലതാമസം വരാതിരിക്കത്തക്കവണ്ണം വേണ്ട നടപടികളും എടുത്തു തുടങ്ങിയിട്ടുണ്ടു്. മൂന്നു മാസത്തിൽ കൂടുതൽ അരിയേഴ്സു വരുത്തിക്കൂടെന്നു ശവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം ജോസഫ് : തൊടുപുഴതാലൂക്കിൽ രണ്ടു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള അരിയേഴ്സു കൊടുത്തുതീർക്കുവാൻ ഉണ്ടെന്നറിയാമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അങ്ങനെ വന്നിരിക്കാം. ഇങ്ങനെയുള്ള പഴയ മാറാപ്പുകളെല്ലാം ഇപ്പോൾ വളരെ വേഗത്തിൽ അഴിച്ചുമാറിക്കൊണ്ടിരിക്കുകയാണു്.

Government Representatives in the Executive Committee of Tappers' Co-operative Society.

* 1751. [22] **Shri E. P. Poulose :** Will the Minister for Revenue be pleased to state:

(a) how many Government representatives are there in the executive committee of a Tappers' Co-operative Society; and

(b) what are their functions as members of these Committees?

LIBRARY ARCHIVES Kerala Legislative Assembly

Minister for Land Revenue (**Smt. K. R. Gouri**) :

(a) In the Bye-Laws there is provision for three representatives of Government on the Executive Committee of a Tappers' Co-operative Society. Of these three representatives, usually one is from the Excise Department, one is from the Co-operative Department and the third from the Co-operative Bank which advances funds to the society.

(b) The Government representatives are incorporated to the proper working of the Society, remittance of kist, payment of tree-tax, etc. The decision of the Committee in regard to financial matters should be made with the concurrence of the Government representatives.

ശ്രീ. സി. എ. മാത്യു : ഗവണ്മെൻറ് റിപ്രസന്റേറ്റീവ്സ് അവരുടെ പ്രവർത്തനത്തിന്റെ റിപ്പോർട്ട് യഥാകാലം അയയ്ക്കാറുണ്ടോ? ആ റിപ്പോർട്ടുകൾ പരിശോധിക്കാറുണ്ടോ? അവർ ചെയ്തിട്ടുള്ള നടപടികളെപ്പറ്റി ചോദ്യം ചെയ്യാറുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : സാധാരണ നിലയിൽ അസി: കമ്മീഷണർമാരാണ് റിപ്പോർട്ട് ചെയ്യുക. അവർ നേരെ റവന്യൂബോർഡിലേക്ക് റിപ്പോർട്ട് ചെയ്യും. ഇൻസ്പെക്ടർമാരാണെങ്കിൽ അസിസ്റ്റൻറ് കമ്മീഷണർക്ക് അയക്കും. അവർ ബോർഡിലേക്കും അയക്കും. അവർ ശരിക്കും ജോലി ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞകൊല്ലം Co-operative Societies-നു് കുടിശ്ശികയൊന്നും ഇല്ലാതെവന്നത്.

ശ്രീ. സി. എ. മാത്യു : ഈ സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ മുൻനിറുത്തി കുടിശ്ശിക ധാരാളം പിരിയാനുണ്ടെന്നു കാണിച്ച് ഉത്തരവാദിത്തപ്പെട്ടവർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പത്രപ്രസ്താവനകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : പത്രപ്രസ്താവനകൾ എങ്ങനെയിരുന്നാലും അതിൽ പരമാർത്ഥമില്ല. യാതൊരു കുടിശ്ശികയും ഇല്ല.

ശ്രീ. സി. എ. മാത്യു : വേണ്ടിവന്നാൽ തെളിവു ഹാജരാക്കാൻ തയാറുണ്ടെന്നു പ്രസ്താവിച്ചുകൊണ്ട് കുടിശ്ശിക ഉണ്ടെന്നു കാണിച്ചു കോട്ടയത്തു് സൊസൈറ്റിയെ സംബന്ധിച്ച് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നിട്ടും അതിനെപ്പറ്റി യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീമതി കെ. ആർ. ഗൗരി : പത്രപ്രസ്താവനയെ അടിസ്ഥാനമാക്കി അന്വേഷണങ്ങളും നടത്തുകയുണ്ടായി. സൊസൈറ്റി യാതൊരു കുടിശ്ശികയും കഴിഞ്ഞ കൊല്ലം വരുത്തിയിട്ടില്ല. നടപടി എടുത്തു പുറത്തു കളയുന്ന Secretary-യുടെ statement അയി കണക്കാക്കിയാൽ മതി.

ശ്രീ. സി. എ. മാത്യു : സൊസൈറ്റി നടത്തുന്ന മദ്യവില്പനയിൽ 18000 രൂപാ വെള്ളം ചേർത്തിട്ടുണ്ടെന്നുള്ള കണക്കുവരെ ആ പത്രത്തിൽ എടുത്തു കാണിച്ചിട്ടുണ്ട്. അതു തെളിയിക്കാൻ തയാറാണെന്നും പറഞ്ഞിരുന്നു. അതിനെപ്പറ്റി അന്വേഷണം നടത്താൻ തയാറുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : വെള്ളം ചേർത്തിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടില്ല. ഗവണ്മെൻറിലേക്ക് അടയ്ക്കുവാനുള്ള പണം ശരിക്കു അടയ്ക്കുന്നുണ്ടോ, അതിനു വല്ല കുഴപ്പവും വരുത്തുന്നുണ്ടോ എന്നു മാത്രമാണ് ഗവണ്മെൻറ് representatives നോക്കിയിട്ടുള്ളത്. അവിടെ ആ സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്ന ഒരാൾ Society-യിൽ നിന്നും പുറത്തു പോയതിനു ശേഷം വെള്ളം ചേർത്തു എന്നും മറ്റും പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിൽ വലിയ കഴമ്പൊന്നുമില്ലെന്നാണ് വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly